"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - പാലക്കാട് ജില്ല - ആലത്തൂർ ബ്ലോക്ക് - ആലത്തൂർ ഗ്രാമപഞ്ചായത്ത് - മഠത്തിൽ പടി റോഡ് പ്രവൃത്തിയുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.23/2026/DMD    തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:- 1. സ. ഉ. (സാധാ) നം. 190/2025/ഡി.എം.ഡി. തീയതി, 29.03.2025

2. പാലക്കാട് ജില്ലാകളക്ടറുടെ 03.11.2025 ലെ DCPKD/9754/2025-J7 നമ്പർ കത്ത്

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശം (1) ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്കിൽ ഉൾപ്പെട്ട ആലത്തൂർ ഗ്രാമപഞ്ചായത്തിലെ മഠത്തിൽപടി റോഡ് പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ അപാകതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായതിനാൽ പ്രവൃത്തിയുടെ കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ടി റോഡ് പ്രവൃത്തിയുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് ജില്ലാകളക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്കിൽ ഉൾപ്പെട്ട ആലത്തൂർ ഗ്രാമപഞ്ചായത്തിലെ മഠത്തിൽപടി റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി കാലാവധിയിൽ മാറ്റം വരാതെ, ഇനി ദീർഘിപ്പിച്ച് നൽകുകയില്ല എന്ന വ്യവസ്ഥയിൽ, കരാർ കാലാവധി മാത്രം ടി ഉത്തരവ് തീയതി മുതൽ 2 മാസം കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

3. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, പാലക്കാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB3/208/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 06-01-2026 14:11:14
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്